പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1671

25.03.2013-ൽ മറുപടി
നൽകേണ്ടത്

## മൂന്നാർമേഖലയിലെ ഭൂമികൈയ്യേറ്റം

### ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ

(എ)മൂന്നാർ മേഖലയിൽ ഭൂമി കയ്യേറ്റം വ്യാപകമായി നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന വാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

### ഉത്തരം

ശ്രീ.ഉമ്മൻചാണ്ടി
(മുഖ്യ മന്ത്രി)

(എ) മൂന്നാറിലും പരിസരപ്രദേശങ്ങളിലും വ്യാപകമായ കയ്യേറ്റങ്ങൾ നടക്കുന്നുണ്ടെന്ന ദൃശ്യ പത്ര മാധ്യമങ്ങളുടെ വാർത്തയെ ത്തുടർന്ന് വിശദമായ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) പള്ളിവാസൽ വില്ലേജിൽ കട്ടുവാപ്പാറ ഭാഗത്ത് ബ്ലോക്ക് നമ്പർ 13-ൽ സർവ്വേ നമ്പർ 127- ൽ മുൻ സർക്കാരിന്റെ കാലത്ത് കയ്യേറ്റം ഒഴിപ്പിച്ച് ഏറ്റെടുത്തതായ ഭൂമി, കൈയ്യേറി കുടിലുകൾ കെട്ടിയതായി കണ്ടെത്തുകയും ആയവ പൊളിച്ച് നീക്കി കത്തിച്ചുകളഞ്ഞ് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചി ട്ടുള്ളതുമാണ്.

അതുപോലെ കെ.ഡി.എച്ച്. വില്ലേജിൽ സർവ്വേ നമ്പർ 20/1- ൽ 4 കയ്യേറ്റങ്ങൾ കണ്ടെത്തുകയും ഭൂസംരക്ഷണ സേനയുടെ നേതൃത്വത്തിൽ പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഏറ്റെടുത്തിട്ടുമുണ്ട്. കൂടാതെ സർവ്വേ നമ്പർ 843- ലും 912 ലും കുടിലുകൾ കെട്ടി നടത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മൂന്നാറിലെ കയ്യേറ്റഭൂമികൾ ഒഴിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രത്യേക ദൗത്യ സംഘത്തെ നിശ്ചയിക്കുന്നകാര്യം പരിഗണിക്കുന്നുണ്ടോ? | (സി) റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ തുടർന്ന് വരുന്ന നടപടികൾ തൃപ്തികരമാണ്. |

സെക്ഷൻ ഓഫീസർ